# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.768 02.12.2015 - ൽ മറുപടിക്ക്

## കാസർകോട് ജില്ലയിലെ നഴ്സുമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നഴ്സുമാരുടെ എത്ര ഒഴിവുകളാണ് ഉള്ളത്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കമോ; | എ) **കാഞ്ഞങ്ങാട്-**<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് - I- 12 ഒഴിവുകൾ<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് II – ഒഴിവുകൾ ഇല്ല<br>**കാസർഗോഡ്**<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് - I- 24 ഒഴിവുകൾ<br>സ്റ്റാഫ് നഴ്സ് ഗ്രേഡ് II – ഒഴിവുകൾ ഇല്ല |
| ബി) ജില്ലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക്, കമ്മ്യൂണിറ്റി ആശുപത്രികളായി ഉയർത്തിയിട്ടുണ്ടോ; പ്രസ്തുത ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; | ബി) ജില്ലയിലെ ചെറുവത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെയും, പരിയ ബന്തടുക്ക, മുളിയാർ, മംഗൽപാടി എന്നീ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടില്ല. സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ.എച്ച്.സി.യുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) നഴ്സുമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നിയമനങ്ങളാണ് പ്രസ്തുത ലിസ്റ്റുകളിൽ നിന്നും നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) നിലവിലുണ്ട്. 66 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ